മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ

*132 [134] ശ്രീ. പി.വി. മുഹമ്മദ്:
,, പി.കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ഗ്രാമതല സംഘങ്ങളുടെ രൂപീകരണത്തെ സംബന്ധിച്ച വല്ല പരാതിയും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്. ഉംനാടൻ മത്സ്യത്തൊഴിലാളി ഗ്രാമസംഘങ്ങളുടെ രൂപീകരണത്തെ സംബന്ധിച്ചുള്ള പരാതികളും ലഭിച്ചിട്ടുണ്ട്.

(ബി) ഡിപ്പാർട്ടുമെന്റൽ തലത്തിൽ പരാതികളിൻമേൽ അന്വേഷണം നടത്തിവരുന്നു.

ഏഴിനപരിപാടിയിൽ ഉൾപ്പെടുത്തിയ കമ്മ്യൂണിറ്റി ഹാൾ

* 133 [135] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏഴിനപരിപാടിയിൽപെടുത്തി ആരംഭിച്ച കമ്മ്യൂണിറ്റിഹാളുകൾ, സ്റ്റേഡിയങ്ങൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനം പല പഞ്ചായത്തുകളിലും മുടങ്ങിക്കിടക്കുകയാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം):

ഉണ്ട്.

தொழில் பிரச்சினைகளில் காவல் துறையினர்

(Police in Labour Dispute)

*134 [136] ஸ்ரீ. ஜி. வரதன்: கீழ் காணும் வினாக்களுக்கு தொழில் அமைச்சர் தயை கூர்ந்து விடை அளிப்பாரா:

(எ) இந்த அரசு பதவிக்கு வந்தபின் எத்தனை தொழில் பிரச்சினைகளில் காவல் துறை குறுக்கிட்டது;

(பி) அப்பிரச்சினைகள் எவ்வாறு தீர்க்கப்பட்டது;

(சி) எத்தனை வழக்குகள் பதிவு செய்யப்பட்டது.

Chief Minister (**Shri. K. Karunakaran**) :

(a), (b) After assumption of power by the present Ministry, police had not interfered in any labour disputes as such. However when labour disputes tended to cause Law and Order situation

LIBRARY ARCHIVES Kerala Legislative Assembly

police had to interfere in 524 such cases. All these cases were duly registered.

(c) Such cases will take their own normal course in the court of law. On request of parties to the dispute for withdrawal of cases, decision is taken on merits of each to withdraw such cases with the leave of the courts.

പുതുതായി സ്ഥാപിച്ച ഫയർ സ്റ്റേഷനുകൾ

* 135 [137] ശ്രീ. കെ. പി. പ്രഭാകരൻ:
,, പി. കുമാരൻ
,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലു വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു;

(ബി) എവിടെയെല്ലാം;

(സി) ഈ വർഷം പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) 9 എണ്ണം. ചിറ്റൂർ, ഷൊർണ്ണൂർ, മലപ്പുറം കുണ്ടറ, പാല, ചേർത്തല, പെരുമ്പാവൂർ, തൊടുപുഴ, കട്ടപ്പന.

(സി) ഉണ്ട്.

(ഡി) മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകിക്കഴിഞ്ഞ കൽപ്പറ്റ, ആറിങ്ങൽ, അങ്കമാലി, എന്നീ സ്ഥലങ്ങളിലും, ഭരണാനുമതി നൽകിയിട്ടില്ലാത്ത ഗുരുവായൂർ, പയ്യന്നൂർ എന്നീ സ്ഥലങ്ങളിലും ഫയർസ്റ്റേഷൻ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

കേരളത്തിൽ സ്ഥിരതാമസമാക്കിയ പാക്കിസ്ഥാൻകാർ

* 136 [138] ശ്രീ. ലോനപ്പൻ നമ്പാടൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസയോടുകൂടി വന്ന് കാലാവധിക്കുശേഷം മടങ്ങിപ്പോകാതെ കേരളത്തിൽ സ്ഥിരതാമസമാക്കിയ എത്ര പാക്കിസ്ഥാൻകാർ ഉണ്ട്:

(ബി) ഇവരിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, വയനാട്, എന്നീ ജില്ലകളിൽ മാത്രമായി എത്ര പേരുണ്ട്;

(സി) നിയമവിരുദ്ധമായി കേരളത്തിൽ താമസിക്കുന്ന ഈ പാക്കിസ്ഥാൻകാരെ കണ്ടുപിടിച്ച് മടക്കി അയക്കാൻ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു,

(ഡി) ഇവർ ഇന്ത്യയിൽ ചാരപ്രവർത്തനം, കള്ളക്കടത്ത്, കലാപങ്ങൾ എന്നിവ നടത്തുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly